പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3814 — 26.06.2012-ലെ മറുപടിയ്ക്ക്

**റാന്നിയിൽ കിൻഫ്രയുടെ അപ്പാരൽ പാർക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) റാന്നിയിൽ കിൻഫ്രയുടെ അപ്പാരൽ പാർക്ക് തുടങ്ങുന്നത് എന്നാണ് പ്രഖ്യാപിച്ചത്; | (എ) 6.4.2010-ലെ കിൻഫ്രാ ബോർഡാണ് ഇതു സംബന്ധിച്ച് തീരുമാനം എടുത്തത്. |
| (ബി) ഇതിനായി റവന്യൂ വകുപ്പു മുഖേന പമ്പ ഇറിഗേഷൻ പ്രോജക്ടിൽ നിന്നും എത്ര ആർ സ്ഥലമാണ് വിട്ടുകിട്ടിയിട്ടുള്ളത്; | ബി) റാന്നി താലൂക്കിൽ റാന്നി വില്ലേജിൽപ്പെട്ട 1.40558 ഏക്കർ ഭൂമി ഇതിനായി വിട്ടുകിട്ടിയിട്ടുണ്ട്. |
| സി) ഇതിന് ഒരു വർഷം എത്ര രൂപയാണ് കിൻഫ്ര പാട്ടത്തുകയായി അടയ്ക്കേണ്ടത് ; | സി) ഒരു വർഷം 24,856/- രൂപയാണ് കിൻഫ്ര പാട്ടത്തുകയായി അടയ്ക്കേണ്ടത്. |
| ഡി) ആദ്യതവണത്തെ പാട്ടത്തുക അടയ്ക്കുന്നതിനായി റാന്നി തഹസീൽദാരുടെ കത്ത് എന്നാണ് കിൻഫ്രയ്ക്ക് ലഭിച്ചത്; ഈ തുക അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടയ്ക്കാതിരുന്നതിൻെറ കാരണം വിശദമാക്കാമോ; | ഡി) റാന്നി തഹസീദാരുടെ 18.7.2011- ലെ കത്ത് 28.7.2011ലാണ് കിൻഫ്രയ്ക്ക് ലഭിച്ചത്. ഈ തുക 9.8.2011-ൽ കിൻഫ്ര ട്രഷറിയിൽ അടച്ചിട്ടുണ്ട്. |
| ഇ) പാട്ടത്തുകയടയ്ക്കുന്നതു സംബന്ധിച്ച് റാന്നി തഹസീൽദാരുടെ ആഫീസിൽ നിന്നും ഓർമ്മക്കുറിപ്പ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; | ഇ) ഓർമ്മക്കുറിപ്പ് ലഭിച്ചിട്ടില്ല. |
| എഫ്) മുൻ സർക്കാരിൻെറ കാലത്ത് പ്രഖ്യാപിച്ച ഈ പദ്ധതി നടപ്പാക്കാൻ വൈകുന്നതിൻെറ കാരണം വ്യക്തമാക്കുമോ; | എഫ്) &(ജി) അപ്പാരൽ പാർക്ക് നിർമ്മിക്കുന്നതിനായുള്ള കെട്ടിടങ്ങളുടെ ഡിസൈനും പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്ന ജോലി |

ജി) ഇവിടെ കെട്ടിടം പണിയുന്നതിനാവശ്യമായ ഫണ്ട് കിൻഫ്രയ്ക്ക് കൈമാറിയിട്ടും, ആദ്യ വർഷം പാട്ടത്തുക അടച്ചിട്ടും, ഈ ഭൂമിയിൽ കെട്ടിട നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്ന തിൻെറ കാരണം വ്യക്തമാക്കാമോ; ഇതിൻെറ ഉത്തരവാദി ആരാണ്;

പൂർത്തീകരിച്ചിട്ടുണ്ട്. 5 നിലകളിലായി ഏകദേശം 4400 ചതുരശ്രമീറ്റർ വിസ്തീർണ്ണം വരുന്ന ഒരു ഫാക്ടറി കെട്ടിടവും അനുബന്ധ പശ്ചാത്തല സൗകര്യങ്ങളുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൻെറ അടങ്കൽ തുക 650 ലക്ഷം രൂപയാണ്. കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനായി ടെൻഡർ നടപടികൾ സ്വീകരിച്ച് കരാറുകാരനെ തീരുമാനിക്കുന്ന തിനുള്ള നടപടികൾ പൂർത്തികരിച്ചിട്ടുണ്ട്.

എച്ച്) പദ്ധതി കാലതാമസം കൂടാതെ നടപ്പാക്കുമെന്ന് നിയമസഭയിൽ റാന്നി നിയോജക മണ്ഡലത്തിലെ നിയമസഭാംഗത്തിന് നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടും, ഈ ഉറപ്പ് നടപ്പാക്കാതിരുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ; ഇതിന് ഉത്തരവാദികളാരാണ്; ഇവർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

ഐ) പദ്ധതിയുടെ നിർമ്മാണം കാലതാമസമില്ലാതെ ആരംഭിച്ചു പൂർത്തീകരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

എച്ച്) &(ഐ): - ഭൂമി യഥാസമയം ലഭിക്കാത്തതിലുള്ള കാലതാമസവും റൂറൽ അപ്പാരൽ പാർക്കുകളുടെ നിർമ്മാണത്തിനായി ലഭ്യമായ തുകയുടെ കുറവും കാരണമാണ് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതിരുന്നത്. ആവശ്യമായ ബഡ്ജറ്റ് വിഹിതം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ